**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **09-10-2024 - ൽ മറുപടിയ്ക്ക്**

**ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടിക വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ മേഖലകളിൽ ഓണറേറിയത്തോടെ തൊഴിൽ പരിശീലനവും ഇന്റേൺഷിപ്പും നൽകുന്ന ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പദ്ധതി വഴി നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായവർക്ക് നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്, എത്ര വർഷത്തേക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നു വിശദമാക്കുമോ; | (എ) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ്(ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 1048 പേരെ (798 SC, 250 ST) നഴ്സിംഗ് പാരാമെഡിക്കൽ മേഖലയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇതിലൂടെ പട്ടികവിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് മികച്ച തൊഴിൽ പരിചയവും നൈപുണ്യവും ലഭിക്കുമെന്നതിനാൽ വിവിധ സർക്കാർ/സ്വകാര്യ/ വിദേശ മേഖലകളിൽ സ്ഥിരനിയമനത്തിന് അവസരമൊരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |

സെക്ഷൻ ഓഫീസർ